# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 92   28.05.2019- ൽ മറുപടിയ്ക്ക്

### സാന്ത്വന പദ്ധതി

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | നോർക്കയുടെ സാന്ത്വന പദ്ധതി എന്നാണ് ആരംഭിച്ചതെന്നും 2016 മെയ് മാസത്തിനുശേഷം ഇതിന്റെ ഘടനയിലും ചട്ടങ്ങളിലും എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയതെന്നും അറിയിക്കാമോ; | എ) | 2005-ലാണ് സാന്ത്വന പദ്ധതി ആരംഭിച്ചിട്ടുള്ളത്. 2016 മെയ് മാസത്തിനുശേഷം സാന്ത്വന പദ്ധതിയുടെ ഘടനയിലും, ചട്ടങ്ങളിലും മാറ്റങ്ങൾ വരുത്തിയിട്ടില്ല. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും 2016-17, 2017-18, 2018-19 എന്നീ സാമ്പത്തികവർഷങ്ങളിൽ ഈ പദ്ധതിയിൽ എത്ര രൂപ വീതം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ; | ബി) | തിരികെയെത്തിയ പ്രവാസി കേരളീയർക്ക് വേണ്ടി നോർക്കാ റൂട്ട്സ് നടപ്പാക്കുന്ന സമാശ്വാസസഹായ നിധിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം നിബന്ധനകൾക്ക് വിധേയമായി, മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി ഒരു ലക്ഷം രൂപ വരെയും, വിദേശത്തു നിന്നും തിരികെയെത്തിയ, രോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന പ്രവാസികൾക്കും അവരുടെ ആശ്രിതർക്കും ചികിത്സാ ധനസഹായമായി 50,000/- രൂപ വരെയും സാമ്പത്തികമായി പിന്നോക്കമായിട്ടുള്ള പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിനു ധനസഹായമായി 15,000/- രൂപവരെയും നൽകി വരുന്നു. പ്രവാസികളായ |

| | | | |
|---|---|---|---|
| | | | കേരളീയർക്കും അവരുടെ ആശ്രിതർക്കും കൃത്രിമക്കാലുകൾ, ഊന്നുവടി, വീൽചെയർ മുതലായവ വാങ്ങുന്നതിനു പരമാവധി 10,000/- രൂപ വരെ നൽകുന്നു.<br>സാന്ത്വന പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ 14 കോടി രൂപയും, 2017-18-ൽ വകയിരുത്തിയ 12.6 കോടി രൂപയും, 2018-19-ൽ അനുവദിച്ച 25 കോടി രൂപയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതിക്ക് പുറമേ മടങ്ങിവന്ന പ്രവാസികളെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിൽ ഉള്ളതെന്ന് വെളിപ്പെടുത്തുമോ? | സി) | തിരികെയെത്തിയ പ്രവാസികൾക്കായി സർക്കാർ നടപ്പിലാക്കുന്ന ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതിയ്ക്ക് പുറമേ അവരുടെ പുന:രധിവാസത്തിനായി നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന ഒരു വായ്പ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. മടങ്ങിയെത്തിയ പ്രവാസികൾക്ക് സംരംഭകരാകുന്നതിനു മാർഗ്ഗനിർദ്ദേശം നൽകുകയും, ഈ പദ്ധതിയിലൂടെ നോർക്ക റൂട്ട്സുമായി ധാരണാപത്രം ഒപ്പ് വെച്ചിട്ടുള്ള ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തിരം വായ്പ ലഭ്യമാക്കുകയും പ്രസ്തുത സംരംഭകർക്ക് മൂലധന സബ്സിഡിയും, മൂന്നു ശതമാനം പലിശ സബ്സിഡിയും (നാലു വർഷത്തേയ്ക്ക്) ലഭ്യമാക്കുകയും ചെയ്യുന്നു.<br>2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ വ്യവസ്ഥകൾക്കനുസരിച്ച് വിദേശത്ത് ജോലി ചെയ്യുന്നതും, മടങ്ങി വന്നതും, ഇന്ത്യക്കകത്ത് മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നതോ/ താമസിക്കുന്നതോ ആയ പ്രവാസി കേരളീയർക്ക് കേരള പ്രവാസി കേരളീയ ക്ഷേമ നിധിയിൽ അംഗത്വമനുവദിച്ചു വരുന്നുണ്ട്. ടി ആക്റ്റ് മാനദണ്ഡമാക്കി രൂപീകരിച്ച 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പെൻഷൻ, കുടുംബ പെൻഷൻ, മരണാനന്തര ധനസഹായം, |

| | | | |
|---|---|---|---|
| | | | ചികിത്സാധനസഹായം, വിവാഹ ധനസഹായം, വിദ്യാഭ്യാസ സഹായം, പ്രസവ സഹായം തുടങ്ങിയവ അർഹരായ അംഗങ്ങൾക്ക് ബോർഡിൽ നിന്നും അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ